മുഖ്യമന്ത്രി (ശ്രീ. പനന്നിക്കി തോവ് നമേനോൻ):

(എ) പേ കമ്മ ഷൻ റിപ്പോർട്ട് ഇപ്പോൾ ഗവണ്മെൻറിന്റെ പരിഗണനയിലാണ്.

(ബി, സി, ഡി) ചോദ്യം ഉദ്ഭവിക്കുന്നില്ല

രണ്ടാംപഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പാലങ്ങൾ.

* 1116. [37] ശ്രീ. ടി പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയനുസരിച്ച് ഏതു പാലങ്ങൾ പണിയുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഈ വകയിൽ എത്ര സംഖ്യ ചെലവുചെയ്യാനുദ്ദേശിക്കുന്നു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 40.

(ബി) ഈ ജോലികൾക്കായി പദ്ധതിയുടെ കാലഘട്ടത്തിൽ 100 ലക്ഷം ഉറുപ്പിക ചെലവു ചെയ്യാനുദ്ദേശിക്കുന്നു.

പാലങ്ങൾ.

* 1117. [38] ശ്രീ. സി. പി. ഹാർമീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേസ്സും, മെയിൻ സെൻട്രൽ റോഡ്സും ഏതെല്ലാം പാലങ്ങൾ ആണ് പണി തീർക്കുവാനുള്ളത്;

(ബി) പ്രസ്തുത പാലങ്ങൾ എല്ലാം പൂർത്തിയാക്കുന്നതിനു രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പെടുത്തിയിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) നാഷണൽ ഹൈവേ:

1. അരൂർ
2. മംഗലപ്പുഴ (ആലുവാ)

എം. സി. റോഡ്:

1. തോണ്ടറ
2. താന്നിപ്പുഴ

(ബി) അരൂർ, മംഗലപ്പുഴ പാലങ്ങൾ. ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ആരംഭിച്ച് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. തോണ്ടറ പാലത്തിന്റെ ജോലികൾ ഒന്നാംപഞ്ചവത്സരപദ്ധതിയിൽത്തന്നെ പൂർത്തിയാവുന്നതാണ്. താന്നിപ്പുഴ പാലം രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly